# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1338** **12.03.2015-ൽ മറുപടിക്ക്**

## ദേശീയപാത വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. സി.പി.മുഹമ്മദ് | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) ദേശീയപാത വികസനത്തിന് കേന്ദ്രം സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ യെന്ന് വിശദമാക്കുമോ ;<br><br>(ബി) എന്തെല്ലാം സഹായങ്ങളാണ് ഇതിനായി കേന്ദ്രം നൽകുന്നതെന്ന് വിശദമാക്കുമോ ;<br><br>(സി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദ-മാക്കുമോ? | (എ) (ബി) & (സി) ഉണ്ട്. സംസ്ഥാനത്തെ ദേശീയ പാതകളുടെ സമഗ്രമായ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നടപ്പിലാക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയെ ഏൽപ്പിച്ചിരുന്നു. ഇതിൻ പ്രകാരം എൻ.എച്ച്. 17 ഉം 47 ഉം എൻ.എച്ച്.ഡി.പി ഘട്ടം 2 ലും 3 ലും പെടുത്തി സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. മറ്റ് ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാത-യുമായാണ് വികസിപ്പിക്കുവാൻ ഉദ്ദേശി-ക്കുന്നത്. ദേശീയപാത 47-ലെ മണ്ണുത്തി മുതൽ അങ്കമാലിവരെ 4 വരിപ്പാതയാ-ക്കുന്നതും അങ്കമാലി മുതൽ ഇടപ്പള്ളി വരെയുള്ള നവീകരണം നടത്തുന്നതും പൂർത്തിയാക്കിയിട്ടുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെ 6 വരിപ്പാതയാക്കലും വാളയാർ മുതൽ വടക്കഞ്ചേരി വരെ നാലുവരിപ്പാതയാക്കുന്നതും പുരോഗമിച്ചു വരുന്നു. ദേശീയ പാതയുടെ ഭാഗമായുള്ള വിവിധ ബൈപ്പാസുകളുടെ വികസനത്തി-നായി കേന്ദ്രസർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ബൈപ്പാസ് പൂർണ്ണമായും കേന്ദ്രസഹായത്തോടുകൂടി വികസിപ്പിക്കുന്നതിന് നടപടികൾ പുരോഗ മിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി 50% കേന്ദ്ര സഹായം ലഭിക്കുന്നതാണ്. മറ്റ് ദേശീയപാതകളുടെ വികസനം ഘട്ടം ഘട്ടമായി നടപ്പിലാക്കുവാൻ കേന്ദ്ര- |

സർക്കാർ സമ്മതിച്ചിട്ടുണ്ട്. ദേശീയ പാതകളായ എൻ.എച്ച് 208, എൻ.എച്ച് 49, എൻ.എച്ച് 220, എൻ.എച്ച് 213 എന്നിവയുടെ വിവിധ ഭാഗങ്ങൾ വികസിപ്പിക്കുന്നതിന് 2014-15 വർഷത്തെ കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ